മതസ്വാതന്ത്ര്യവും ആഗോളവത്കരണവും കേരളത്തിൽ – ഒരു സാംസ്കാരിക വിശകലനം

സ്കറിയ സക്കറിയ

കേരളത്തിൽ മതസ്വാതന്ത്ര്യം അപകടത്തിലാണെന്ന് കേൾക്കുന്നു. കേരളത്തിലെ പൊതുസമൂഹത്തിൽ ഇങ്ങനെയൊരു ബോധം വ്യാപകമായിട്ടില്ലെങ്കിലും ഒറ്റപ്പെട്ട ശബ്ദങ്ങൾ അവഗണിച്ചുകൂടാ. അതാണ് ജനാധിപത്യമര്യാദ. അപകടധ്വനി പുറപ്പെടുവിക്കുന്നവരെ ശ്രദ്ധിക്കുക. അവർ കത്തോലിക്കസഭയിലെ നായകരാണ്. എല്ലാ കത്തോലിക്കമെത്രാന്മാരും ചേർന്നു കേരളത്തിൽ മത സ്വാതന്ത്ര്യം അപകടത്തിൽ എന്നു പറഞ്ഞതായി അറിയില്ല. എങ്കിലും ഒറ്റപ്പെട്ട ശബ്ദങ്ങളും മത സ്വാതന്ത്ര്യത്തെക്കുറിച്ചാവുമ്പോൾ, ഗൗനിക്കേണ്ടിയിരിക്കുന്നു. എന്താണ് മതസ്വാതന്ത്ര്യം നേരിടുന്ന ഭീഷണിയായി ചില കത്തോലിക്കർ കരുതുന്നത്? പത്രവാർത്തകളും ഇടയ ലേഖനങ്ങളും അരിച്ചു നോക്കിയാൽ കിട്ടുന്ന ചില ലക്ഷണങ്ങളുണ്ട്. (1) സ്വാശ്രയ കോളേജുകൾക്ക് മൂക്കുകയറിട്ടു വരുതിയിലാക്കാൻ സർക്കാരും രാഷ്ട്രീയ പാർട്ടികളും ശ്രമിക്കുന്നു. (2) ചില രാഷ്ട്രീയ പാർട്ടികൾ (സി.പി.എം. എന്നു വിവക്ഷ) അംഗങ്ങൾക്കും സ്വതന്ത്ര മതാനുഷ്ഠാനം അനുവദിക്കുന്നില്ല. (3) രാഷ്ട്രീയക്കാരും മാധ്യമങ്ങളും മതനേതാക്കളെ പരിഹസിക്കുന്നു. മതവക്താക്കൾക്ക് ആവശ്യമായ സമയവും അവസരവും നല്കാതെ മതവിരുദ്ധർക്കു ഇളകിയാടാൻ മാധ്യമങ്ങൾ അവസരമൊരുക്കുന്നു.

ഇപ്പറഞ്ഞതിൽക്കവിഞ്ഞ ആരോപണങ്ങളോ പരാതികളോ മതവക്താക്കളാരും മതവിരുദ്ധതയായി അവതരിപ്പിച്ചു കേട്ടിട്ടില്ല. ഇവരുടെ പ്രതികരണങ്ങൾ ശാന്തമായി അപഗ്രഥിക്കുമ്പോൾ ദുഃഖം തോന്നുന്നു.

മതത്തെ മതനേതാക്കൾ തീരെ വെട്ടിച്ചുരുക്കി കളഞ്ഞു. കേരളത്തിലെ മതാത്മകതയുടെ ചിഹ്നമായി സ്വാശ്രയ കോളേജുകളെ പരിഗണിക്കാൻ നിർബന്ധിക്കുന്നിടത്ത് മതാത്മകത ചുരുങ്ങിപ്പോയി. ഇവിടെ പാരമ്പര്യ നിരാസവും തത്വനിരാസവും സംഭവിക്കുന്നു. ആധുനിക കേരളത്തിന്റെ രൂപീകരണത്തിൽ മതചൈതന്യത്തോടെ ഊർജ്ജസ്വലമായി പ്രവർത്തിച്ച ആയിരക്കണക്കിന് വിദ്യാലയങ്ങളെയും അവയുടെ പിന്നിലെ നിസ്വാർത്ഥതയെയും ജനസേവകരായ മതദൂതരെയും ഒറ്റയടിക്കു മതനേതാക്കൾ മറന്നുകളഞ്ഞു. മിഷണറിമാർ എന്നു കേൾക്കുന്നതുതന്നെ ഇവർക്കു ഭയമാണെന്നു തോന്നുന്നു. മിഷണറിയുടെ സ്വയം മറന്നുള്ള സാഹസിക വിദ്യാഭ്യാസ പ്രവർത്തനവും ദരിദ്രരോടുള്ള പ്രതിബദ്ധതയും പുതുതലമുറയിൽപ്പെട്ട സ്വാശ്രയസ്ഥാപനങ്ങളുടെ നടത്തിപ്പുകാർക്ക് ഭയമായിരിക്കണം. കാലം മാറുമ്പോൾ കോലം മാറാമെങ്കിലും ഇത്രത്തോളം മാറാമോ എന്ന് മനസ്സാക്ഷി ചോദിക്കുന്നുണ്ടാകാം. മിഷണറി ചൈതന്യത്തിൽ പ്രവർത്തിച്ചു സമൂഹത്തിന്റെ സ്നേഹാദരങ്ങൾ നേടിയ സ്കൂൾ കോളേജുകളും പ്രശസ്തങ്ങളായ മിഷൻ ആശുപത്രികളും പീഡിതർക്കുവേണ്ടി സാഹസിക സേവനം ചെയ്യുന്ന മിഷണറിമാരും മതനേതാക്കളുടെ പ്രഭാഷണങ്ങളിലും ലേഖനങ്ങളിലും ഇപ്പോൾ പരാമർശിക്കപ്പെടുന്നില്ല. ദരിദ്രർ കുറേക്കാലമായി ഇത്തരം മതവേദികളിൽ ചർച്ചാവിഷയമാകുന്നതേയില്ല. മതവേദികളിൽ കഴിഞ്ഞ നാലഞ്ചുവർഷമായി തീർത്തും ഒഴിവാക്കപ്പെടുന്ന വാക്കാണ് അഴിമതി. നീതി, പങ്കാളിത്തം തുടങ്ങിയ വാക്കുകളും ഇതുപോലെ തിരസ്കരിക്കപ്പെട്ടിരിക്കുന്നു. വിചിത്രമെന്നു പറയട്ടെ, 'മതവിദ്വേഷി'കളായി ചിത്രീകരിക്കപ്പെടുന്ന 'സഭാശത്രുക്കളു'ടെ നിത്യവ്യവഹാരങ്ങളിൽ മതസമൂഹങ്ങൾക്കെതിരെ ഉയർന്നുകാണുന്ന ബാനറുകളിലെല്ലാം മിഷണറി സ്കൂളുകൾ, മിഷനാശുപത്രികൾ തുടങ്ങിയവ ഗൃഹാതുരത്വത്തോടെ ഓർമ്മിക്കപ്പെടുന്നു. അങ്ങനെയാണ് 'മദർ തെരേസ' മതാധ്യക്ഷർ മതവിരുദ്ധരെന്നു മുദ്രകുത്തിയവരുടെ ജാഥകളിൽ പ്രദർശനമൂല്യം നേടിയത്. അതുകൊണ്ടുതന്നെ 'മദർ തെരേസ'യെ സഭാവേദികളിൽ പരാമർശിക്കാൻ ഭയമായിരിക്കുന്നു ചില ഭക്തർക്ക്. മതനേതാക്കൾ കോപിച്ചാലോ?

കേരളസമൂഹത്തിൽ കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനിടയിൽ ഉണ്ടായ വിപര്യയമാണിത്. മതസമൂഹങ്ങൾ, വിശിഷ്യ ക്രൈസ്തവ സമൂഹം ഇപ്പോൾ ആത്മദർശനത്തിലും പ്രതിനിധാനത്തിലും മാറിപ്പോയിരിക്കുന്നു. ക്രൈസ്തവ സഭകൾ, അവയുടെ മേലന്വേഷകരുടെ നടപടികളെ ഉദാരവത്കരണകാലത്തെ സംരംഭങ്ങൾ (enterprises) എന്ന നിലയിലാണ് പരിഗ

ണിക്കുന്നത്. സംരംഭകത്വത്തിന്റെ അളവുകോലുകൾ വച്ചുവേണം ഓരോ പ്രവർത്തനത്തെയും വിലയിരുത്താൻ എന്നായിരിക്കുന്നു. ആശുപത്രിയോ കോളേജോ സ്കൂളോ തുടങ്ങുമ്പോൾ മുഖ്യമായും പരിഗണിക്കേണ്ടത് അത് എങ്ങനെ ലാഭകരമാക്കാം എന്നാണ്. ലാഭകരമാക്കാൻ വേണ്ട അച്ചടക്കവും മികവും വെടിപ്പും അതിനുണ്ടായിരിക്കണം. ലാഭകരമാകണമെങ്കിൽ മത്സരബുദ്ധിയുണ്ടാകണം. നടത്തിപ്പിലുടനീളം മത്സരബുദ്ധി വളർത്തണം. അങ്ങനെ ലാഭേച്ഛയും കാര്യക്ഷമതയും ലാഭവും ചേർന്നു പുതിയ മതസ്ഥാപനങ്ങളെ 'ചന്ത'കൾ (market) ആക്കുന്നു. അതേ, ഉദാരവത്കരണകാലത്ത് കേരളത്തിലെ മതസ്ഥാപനങ്ങളിൽ, വിശിഷ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു വിഭാഗം ചന്തസംസ്കാരത്തിലായിരിക്കുന്നു. വാണിജ്യ സ്ഥാപനങ്ങളായി വിദ്യാലയങ്ങളും ആശുപത്രികളും മാറിയതോടെ അവയുടെ പേരിൽനിന്നു 'മിഷൻ' കൊഴിഞ്ഞുപോയി. അവയുടെ മാർഗ്ഗദർശികൾ (directors) സി.ഇ.ഒ. മാരായി മാറി. ഈ മാറ്റം കത്തോലിക്കസ്ഥാപനങ്ങളിൽ പല തരത്തിലും തോതിലും കാണാം. ചിലർ പേരിലും ഘടനയിലും പ്രവർത്തനശൈലിയിലും തികച്ചും 'ചന്ത' മാതൃകയിലായി. ഇതു സഭാംഗങ്ങൾക്കും പൊതുസമൂഹത്തിനും പെട്ടെന്നു ഉൾക്കൊള്ളാനാവുന്നില്ല. സ്വജീവിതത്തിൽ ഉദാരവത്കരണത്തിന്റെ പ്രയോക്താക്കളും വക്താക്കളുമായ വിശ്വാസികൾക്കുപോലും ഇതങ്ങോട്ടു ദഹിക്കുന്നില്ല. സാധാരണ പൗരന്മാർ ശരിക്കും നടുക്കത്തിലാണ്. ഈ വല്ലായ്മ പലതരത്തിൽ കേരള സമൂഹത്തിൽ പ്രകടമാണ്. അതുകൊണ്ട് എല്ലാവരും ചേർന്നു സഭയെ നശിപ്പിക്കാൻ തുടങ്ങുന്നു, മതസ്വാതന്ത്ര്യം തകർക്കുന്നു എന്നെല്ലാം ചില മതനേതാക്കൾ വിളിച്ചു പറഞ്ഞുകേൾക്കുമ്പോൾ അതിന്റെ സംസ്കാരവഴികൾ അന്വേഷിക്കേണ്ടിവരുന്നു. വീണ്ടുവിചാരത്തിനുള്ള മുഹൂർത്തമാണിത്. മതസമൂഹത്തിനുള്ളിലുണ്ടായ മാറ്റങ്ങളും മതപ്രതിനിധാന ശൈലികളും ജനാധിപത്യ സമൂഹത്തിന്റെ സംവേദന ശൈലികളും ചേർന്നുണ്ടാക്കിയ വിഭ്രാന്തിയാണിത്. സമകാലിക സാംസ്കാരിക ശൃംഖലയിൽ, വിശിഷ്യ സംവേദനശൃംഖലയിൽ കത്തോലിക്കസഭ എങ്ങനെ പ്രതിനിധാനം ചെയ്യപ്പെടുന്നു എന്നു ശ്രദ്ധാപൂർവ്വം പഠിച്ചാലേ ഇതിന്റെ പൊരുൾ തിരിഞ്ഞുകിട്ടൂ. ഇത്തരം ചിട്ടയായ ഒരന്വേഷണത്തിന് ഇവിടെ മുതിരുന്നില്ല. എങ്കിലും പെട്ടെന്നു മനസ്സിൽ തെളിഞ്ഞുവരുന്ന ചില കാര്യങ്ങൾ സൂചിപ്പിച്ചു ചർച്ച തുടങ്ങിവയ്ക്കാം.

ഒന്ന്: ഉള്ളടക്കത്തേക്കാൾ വിനിമയം സാംസ്കാരിക പ്രാധാന്യം നേടിയ കാലഘട്ടമാണിത്. സത്തയെക്കാൾ ജ്ഞാനവിനിമയപ്രക്രിയ പ്രാമാണ്യം നേടിയ കാലം. കത്തോലിക്കസഭയുടെ വിശ്വാസ പ്രമാണങ്ങളും കാനോൻ

നിയമങ്ങളും പഠനരേഖകളുമല്ല, കൗതുകകരമായ കെട്ടുകാഴ്ചകളാണ് മാധ്യമയുഗത്തിൽ സഭയുടെ മുഖം. അമൂർത്തമായ ആശയാവലികളും ആദർശങ്ങളുമല്ല അനുദിന നടപടികളും പുറം കാഴ്ചകളുമാണ് പുതിയ ക്രമത്തിൽ പ്രധാനം. അറിവു ശൃംഖലയിൽ എന്തെല്ലാം കടന്നു വരുന്നു, എന്തെല്ലാം അവഗണിക്കപ്പെടുന്നു എന്നതു വിലയിരുത്തുമ്പോൾ പുതിയ സംവേദനക്രമത്തിന്റെ കെട്ടുപണി ശ്രദ്ധിക്കണം. അവിടെ തമസ്കരണം, മതവിദ്വേഷം, മതനിന്ദ തുടങ്ങിയവയൊക്കെ ആരോപിക്കുമ്പോൾ സംവേദന തത്വങ്ങൾകൂടി പരിഗണിക്കേണ്ടതുണ്ട്. വെകിളിപിടിച്ചു മതനിന്ദയും മതസ്വാതന്ത്ര്യനിഷേധവും ആരോപിക്കാതെ പുതിയ സംവേദനക്രമത്തിൽ തങ്ങൾ എങ്ങനെ ഇരകളും വേട്ടക്കാരുമായി പങ്കെടുക്കുന്നു എന്ന് മതനേതാക്കൾ പഠിക്കണം. സ്വയം മാധ്യമ വിഭവ മാകാൻ വേണ്ടി സ്വന്തം പദാവലികൾ നിറം കലർത്തിയും ഭാഷ രൂക്ഷ മാക്കിയും സംസാരിക്കുന്ന മതനായകർ തങ്ങൾ എത്തിച്ചേർന്നിരിക്കുന്ന അരങ്ങ് വാക്പയറ്റിനുള്ളതാണെന്നു തിരിച്ചറിയണം. രാഷ്ട്രീയ വാക്പ യറ്റിനുള്ള അരങ്ങിൽ എത്തിയിട്ട് രാഷ്ട്രീയ വാക്ശരങ്ങൾ ഏൽക്കുമ്പോൾ 'ഞാൻ മതനേതാവാണ്, എന്നോടിങ്ങനെ ആകാമോ, ഇതു മതനിന്ദയല്ലേ' എന്നു ചോദിച്ചിട്ടു കാര്യമില്ല. രാഷ്ട്രീയ പോരാട്ടത്തിന് മതത്തിന്റെ വേദികൾ ഉപയോഗിക്കുന്നതിന്റെ അപകടം ഇതാണ്. മാധ്യമീകരിക്കപ്പെട്ട ലോകത്തു മതനായകരുടെ രാഷ്ട്രീയക്കളി ഉണർത്തുന്നത് ജുഗുപ്സയും ഹാസ്യവുമാണ്. സമകാലിക കേരളത്തിൽ ക്രൈസ്തവ മതനേതാക്കൾ ഇതു വേണ്ടുവോളം അനുഭവിക്കുന്നുണ്ട്. അതിനു കാരണം കളം മാറി കളിക്കുന്നതാണ്. അതിനെ മതദ്വേഷമായിട്ടല്ല സംവേദനക്കളിയായിട്ടാണ് കാണേണ്ടത്. മതവിശ്വാസികളായ രാഷ്ട്രീയക്കാർക്ക് ഇക്കാര്യത്തിൽ വ്രണിതരായ മതനേതാക്കൾക്കു അറിവു പകരാൻ കഴിയും. ഉരുളയ്ക്കു ഉപ്പേരിപോലെ മറുപടി പറയാനും പുറത്തേയ്ക്കിറങ്ങിയാൽ മുഖം നിറച്ചു ചിരിക്കാനും പൊതു പ്രശ്നങ്ങളിൽ കൈ കോർക്കാനും കഴിയുന്ന രാഷ്ട്രീയ ശൈലി വശമാക്കിക്കൊണ്ടല്ലാതെ ഉദാര ജനാധിപത്യ സമൂഹ ത്തിൽ സംവേദനക്കളിയിൽ പിടിച്ചുനിൽക്കാനാവില്ല.

മറിച്ച്, കത്തോലിക്കസഭയ്ക്കുവേണ്ടി ബഹുജന സമ്പർക്കമാധ്യമ ങ്ങളിൽ കളം നിറഞ്ഞാടുന്നവരെല്ലാം പെട്ടെന്ന് കെറുവിക്കുന്നവരാണ്. തങ്ങൾ പറയുന്ന കാര്യങ്ങൾ തങ്ങൾ നല്കുന്ന ഗൗരവത്തോടുകൂടി പ്രസി ദ്ധീകരിക്കുന്നില്ലെന്ന പരിഭവത്തിലാണ് അവർ. 'പെയിഡ് ന്യൂസ്' (paid news) ഒഴികെയുള്ള വാർത്തകളൊന്നും വാർത്ത നൽകുന്നവരുടെ കാഴ്ച പ്പാടിൽ അവതരിപ്പിക്കാറില്ല എന്നതാണ് നാട്ടുനടപ്പ്. മാധ്യമശൈലി

യിലേക്കു സംവിധാനം ചെയ്തെടുക്കുമ്പോൾ സംവേദന തത്വങ്ങൾ പ്രാബല്യം നേടും. മാധ്യമത്തിനുവേണ്ടി വാർത്ത പുനർനിർമ്മിക്കപ്പെടുന്നു. അങ്ങനെയാണ് ഓരോ മാധ്യമത്തിനും 'ഉപഭോക്താക്കളെ' ലഭിക്കുന്നത്. കത്തോലിക്കസഭ ആഗ്രഹിക്കുന്ന വാർത്ത കൊടുക്കാൻ വഴങ്ങിനിന്നാൽ മാധ്യമങ്ങളെ ജനങ്ങൾ ബഹിഷ്കരിക്കും.

ഇതിനു പ്രതിവിധിയായി ചില മതനേതാക്കൾ സ്വന്തം വരുതിയിൽ പ്രസിദ്ധീകരണങ്ങൾ നടത്തുന്നുണ്ട്. പ്രത്യാഖ്യാന രൂപത്തിൽ അവയിൽ വരുന്ന ലേഖനങ്ങൾ, ഉള്ളതു പറഞ്ഞാൽ സംസ്കാരശൂന്യതയുടെയും അശ്ലീലത്തിന്റെയും മാതൃകകളായിട്ടാണ് മാധ്യമ ഭൂപടത്തിൽ അടയാളപ്പെടുന്നത്. മാധ്യമ ശൈലിയും ഉദാരതയും മാന്യതയും അത്തരം പ്രസിദ്ധീകരണങ്ങളിൽ ഇല്ലാതാകുമ്പോൾ അതും മത പ്രതിനിധാനത്തിന്റെ ഭാഗമാകുന്നു!

രണ്ട്: ആഗോളവത്കരണകാലത്തെ മതം ഫ്യൂഡൽ, കൊളോണിയൽ, കോളണിയനന്തര കാലങ്ങളിൽ നിന്നു പ്രവർത്തനശൈലിയിൽ വ്യത്യസ്തമാണ്. മൂല്യങ്ങളിൽ ഉറച്ചുനിൽക്കാം. പക്ഷേ അനുഷ്ഠാനങ്ങളിൽ മാറ്റമുണ്ടാകും. മതസന്ദേശം പകരുന്ന വീരചരിതങ്ങളിലും പ്രചാരണ സംവിധാനങ്ങളിലും മാറ്റമുണ്ടാകും. പുണ്യചരിതങ്ങൾ, മതസാഹിത്യം, മത പ്രചാരണ സംരംഭങ്ങൾ, ജീവിതനവീകരണസംഗമങ്ങൾ, പ്രകടനങ്ങൾ, പെരുന്നാളുകൾ, കൂദാശാനുഷ്ഠാനങ്ങൾ, കൂദാശേതര അനുഷ്ഠാനങ്ങൾ തുടങ്ങിയവയെല്ലാം തദ്ദേശീയതയിൽനിന്നും ദേശീയതയിൽനിന്നും വേരുപൊട്ടി ആഗോളതയിലൂടെ ഒഴുകി നീങ്ങുന്നതാണ് ഇന്നത്തെ കാഴ്ച. ഇതിനിടയിൽ ആരെങ്കിലും ശവക്കുഴിക്കു കാവലിരിക്കുന്ന പിശാചിനെപ്പോലെ പഴമയിൽ കണ്ണുനട്ടു ബലം പിടിച്ചുകുത്തിയിരിക്കുന്നതു കണ്ടാൽ 'ബഹുജനം' ചിരിക്കും. അതു ആഗോളവൽകരണ കാലത്തെ ചിരിയാണ്! കേരളത്തിലെ കത്തോലിക്കസഭാ നേതൃത്വത്തിലെ ചിലർ ആരാധനക്രമ വിവാദം പോലുള്ള വിഷയങ്ങളിൽ കോമാളി വേഷത്തിലായതു ഇത്തരം സംസ്കാര പരിണാമത്തിലാണ്. ഓർത്തഡോക്സ് സഭയിലെ പള്ളിവഴക്കോ സീറോ മലബാർ സഭയിലെ ആരാധനക്രമ വഴക്കോ അതിൽ ഉൾപ്പെട്ടിരിക്കുന്നവർ കരുതുന്നതുപോലെ 'ഗൗരവബുദ്ധി'യോടെ കാണാൻ പൗരസമൂഹത്തിന്, എന്തിനു മതസമൂഹത്തിനുപോലും കഴിയുന്നില്ല. അവർ ചിരിക്കുന്നു, കൊല്ലുന്ന ചിരി. അതിന്റെ പേരിൽ മതനിന്ദ എന്നു വിളിച്ചു പറഞ്ഞു ക്ഷോഭിച്ചിട്ടു കാര്യമില്ല. അത്തരം വാർത്തകൾ പ്രസിദ്ധീകരിക്കുന്നവരെ 'മതവിരുദ്ധർ' എന്നു മുദ്രകുത്തി വിചാരണ ചെയ്യാൻ കേരളത്തിലെ പൗരമണ്ഡലം അനുവദിക്കില്ല.

പീഡനക്കേസുകളെച്ചൊല്ലി ലോകമാധ്യമങ്ങൾ ക്രൈസ്തവലോകത്തു പൊട്ടിച്ച വെടികൾ മാർപാപ്പയുടെ ചുണ്ടുകളിൽനിന്നു പുറപ്പെടുവിച്ചതു പ്രതിഷേധമല്ല, മാപ്പപേക്ഷയാണ്. അതും പലവട്ടം. എന്നിട്ടും മാധ്യമങ്ങളും പൊതുസമൂഹവും തൃപ്തരല്ല. ഇതാണ് ആഗോളഗതി.

കത്തോലിക്കസഭയുടെ ചരിത്രപ്രാധാന്യവും സവിശേഷമായ കെട്ടു മുറകളും എഴുത്തുകാരുടെയും മാധ്യമപ്രവർത്തകരുടെയും ഭാവനയെ ഉജ്ജ്വലിപ്പിക്കുന്നു. ഡാവിഞ്ചികോഡ് പോലെ വമ്പിച്ച ജനപ്രീതി നേടിയ രചനകളുടെ ഉറവിടം തേടേണ്ടത് ഇത്തരം കൗതുകത്തിലും ഭാവനാപൂർണ്ണമായ അന്വേഷണങ്ങളിലുമാണ്. കത്തോലിക്കസഭയിലെ ചില നായകർ അസ്ഥാനത്തു തുടരെ ഉപയോഗിക്കുന്ന 'രഹസ്യ' പ്രയോഗം എന്തു പ്രതികരണമാണ് ഉദാരവത്കരണകാലത്തെ കേഴ്വിക്കാരിൽ ഉണ്ടാക്കുന്നത് എന്നു ആലോചിക്കണം. ത്രിത്വം എന്ന രഹസ്യം, സഭ എന്ന രഹസ്യം, കുരിശ് എന്ന രഹസ്യം അങ്ങനെ രഹസ്യങ്ങളുടെ പട്ടിക മതമേലധ്യക്ഷന്മാർ നീട്ടിപ്പറയുമ്പോൾ സാധാരണക്കാർ ജിജ്ഞാസാഭരിതരാകുന്നു. അവരുടെ ജിജ്ഞാസ തീർക്കാനുള്ള വിഭവങ്ങൾക്കു നല്ല വിപണിസാധ്യതയുണ്ടാകുന്നു. പുതിയ സാംസ്കാരിക കാലാവസ്ഥ, വിശിഷ്യ ദൃശ്യസംസ്കാരത്തിന്റെ (visual culture) വ്യാപനം 'ഒളിഞ്ഞുനോട്ടത്തെ' നല്ല മാർക്കറ്റുള്ള വിഭവമാക്കിയിരിക്കുന്നു. കേരളത്തിലെ കത്തോലിക്കസഭ സൈദ്ധാന്തികവും ധാർമ്മികവുമായ സംവാദങ്ങളിൽ നിന്നു തലയൂരാൻ വേണ്ടി ഉപയോഗിക്കുന്ന 'രഹസ്യവാദം' കനത്ത തിരിച്ചടിയാവുന്നു. വിവരാവകാശനിയമത്തിലൂടെ ഭരണത്തിന്റെ എല്ലാ തലങ്ങളിലേക്കും കടന്നുചെല്ലാൻ ലഭിച്ച പൗരാവകാശം, ദൃശ്യസംസ്കാരത്തിന്റെ വളർച്ചയിലൂടെ ലഭിച്ച ഒളിഞ്ഞുനോട്ടത്തിന്റെ സുഖം – ഇവയിൽ രസിച്ചു ജീവിക്കുന്ന കേരളീയനു കത്തോലിക്ക മതനേതൃത്വം അവതരിപ്പിക്കുന്ന 'സർവ രഹസ്യ വാദം' തട്ടുപൊളിപ്പൻ ഫലിതമായി അനുഭവപ്പെടുന്നു. അവരുടെ ചിരി മതസ്വാതന്ത്ര്യത്തിലുള്ള കടന്നുകയറ്റത്തിന്റെ കണക്കിൽ ചേർക്കുന്നതു യുക്തിസഹമല്ല. ഇക്കാര്യത്തിൽ തുല്യദുഃഖിതരാണ് രാഷ്ട്രീയപ്പാർട്ടികളുടെ നേതാക്കളും. പ്രത്യയശാസ്ത്രം, സ്വത്വം, അടവുനയം എന്നൊക്കെ പറഞ്ഞാൽ വഴങ്ങാത്ത മാധ്യമവെറിയന്മാരെ അവരും വെറുക്കുന്നു. ഇത്തരം ചതിക്കുഴികൾ പ്രായോഗിക ബുദ്ധികൊണ്ടു തിരിച്ചറിഞ്ഞതിനാലാകണം നിക്കരാഗ്വോ, ബഹുരാഷ്ട്രകുത്തക, മൂലധന ഒഴുക്ക്, ആഗോളീകരണം എന്നൊക്കെപ്പറഞ്ഞ് കിട്ടാനുള്ള വോട്ട് നഷ്ടപ്പെടുത്തരുതെന്ന് ശിവദാസമേനോൻ സി.പി.എം. പ്രവർത്തകരെ ഉപദേശിച്ചത്. ഇക്കാര്യം മാധ്യമസാന്നിദ്ധ്യ

ത്തിനുവേണ്ടി തിക്കിത്തിരക്കുന്ന മതനായകർ കൂടി ഗൗനിച്ചാൽ കേരളത്തിൽ 'മതനിന്ദ'യുടെ ചൂട് കുറയും. പല മതവക്താക്കളും സംസാരിക്കുംതോറും 'മതനിന്ദ' ഏറുന്നു എന്നതാണ് സത്യം. പല മതകേന്ദ്രങ്ങളും പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾ 'മതനിന്ദ' വളർത്താൻ നല്ല കൃത്രിമ വളമാണ്. ഈശ്വരനിന്ദപോലെയുള്ള ജൈവവളങ്ങൾ കിട്ടാൻ കേരളത്തിൽ അത്ര എളുപ്പമല്ല. അതുകൊണ്ട് ചില മത പ്രസിദ്ധീകരണങ്ങളിൽ വരുന്ന 'അശ്ലീല ഭാഷ'യിലുള്ള സംസ്കാരശൂന്യമായ ലേഖനങ്ങൾ 'മതനിന്ദ'യ്ക്കു വളമാകുന്നു.

മതാനുഷ്ഠാനങ്ങളിലെ മതനിന്ദ സഭാനേതൃത്വം തന്നെ തിരിച്ചറിയുന്നുണ്ട്. പെരുന്നാൾ, വണക്കമാസം, നൊവേന, മുത്തിയൂട്ട് തുടങ്ങിയവയുടെ പേരിൽ നടക്കുന്ന സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളെ മെത്രാന്മാർ തന്നെ നേരിട്ട് എതിർക്കുന്നതു ശുഭകരമാണ്. എല്ലാവരെയും ഐക്യപ്പെടുത്തേണ്ട കുർബ്ബാന 'ഭയങ്കര'മാക്കുന്ന ആരാധനക്രമ വിവാദം ആഗോളവത്കരണകാലത്ത് കേരളത്തിൽ ഉണ്ടായ ഏറ്റവും വലിയ മതനിന്ദയായി ചരിത്രം രേഖപ്പെടുത്തും. അതിൽ ഉൾപ്പെട്ടവർ തിരിച്ചറിയുന്നില്ലെങ്കിലും പൊതുസമൂഹം, വിശിഷ്യാ സാധാരണ വിശ്വാസികളും പുരോഹിതരും സന്യാസികളും ഇതൊരു 'കോമാളിപ്പൊരായി' പൊരുൾ തിരിക്കുന്നു. കോമാളിത്തവും ഹാസ്യവും സമൂഹപരിഷ്കരണവും സംവാദവും സങ്കരത്തവുമെല്ലാം നിത്യജീവിതത്തിന്റെ ഭാഗമാക്കിയിരിക്കുന്ന മലയാളിക്ക് ലിറ്റർജി വഴക്കും അതിൽ കണ്ണി ചേർക്കാൻ ബുദ്ധിമുട്ടില്ല. അനുദിന ജീവിതത്തിൽ ഉന്നവും (strategy) തന്ത്രവും (tactics) കൊണ്ട് അമ്മാനമാടുന്നവരാണ് സംവേദന ശൃംഖലയിൽ പങ്കാളികളാകുന്നവർ. അവരുടെ മുമ്പിലാണ് മാധ്യമസംവാദത്തിൽ പ്രത്യക്ഷപ്പെടുന്നതെന്നു മതവക്താക്കൾ മറക്കുന്നു. മതവക്താക്കളെയും അവരുടെ പ്രിയപ്പെട്ട പ്രമേയങ്ങളെയും അനുദിന ജീവിതത്തിൽ കണ്ണി ചേർക്കാൻ മാധ്യമയുഗത്തിലെ മലയാളിക്കു രസികൻ ചിട്ടകളുണ്ട്. അതു മനസ്സിലാക്കാൻ, തികഞ്ഞ ഗൗരവബുദ്ധികളും ഭയഭക്തി ബഹുമാനപൂരിതരുമായ മതവക്താക്കൾക്കു കഴിഞ്ഞിട്ടില്ല എന്നു തോന്നും അക്കൂട്ടരുടെ ക്ഷോഭക്കലി കണ്ടാൽ. മതനിന്ദയായി ചിത്രീകരിക്കപ്പെടുന്ന മലയാളിച്ചിരി സംസ്കാര ചിഹ്നമായി അപഗ്രഥിച്ചു പഠിക്കാൻ ഇന്നത്തെ നിലയിൽ സങ്കേതങ്ങളുണ്ട്. ഉദാഹരണത്തിന് മലയാള സിനിമാലോകത്തുനിന്ന് ഒരു ഉദാഹരണം നോക്കാം – 'പ്രാഞ്ചിയേട്ടൻ'. മതസംസ്കാരത്തിന്റെ രസികൻഭാഷ്യമായി ഈ സിനിമയെ പരിഗണിക്കാം. ഇതിൽ മെത്രാനടക്കമുള്ളവർക്ക് പരുക്കേൽക്കുന്നുണ്ട്. പക്ഷേ രസികത്തമുള്ള ഒരു മെത്രാനും അലോഹ്യം തോന്നില്ല.

ജീവിതപ്പാതയിൽ കണ്ടുമുട്ടുന്ന വൈരുദ്ധ്യങ്ങളുടെ നേർക്ക് ഉള്ളു തുറന്നു ചിരിക്കാൻ കഴിയുന്നത് ഹൃദയവിമലീകരണത്തിനുള്ള മാർഗ്ഗമാണ്. അവിടെ സന്ദേശത്തിനു മതാത്മക ഊർജ്ജം നൽകാൻ വിശുദ്ധ ഫ്രാൻസിസ് അസ്സീസി കടന്നുവരുന്നു. പുണ്യവാന്റെ ജീവചരിത്രത്തിലേക്ക് മറ്റൊരു ഖണ്ഡം കൂടി എഴുതിച്ചേർക്കുകയാണ് സിനിമ. അതേ, പ്രാഞ്ചിയേട്ടനിലൂടെ ഫ്രാൻസീസ് പുണ്യവാളൻ വളരുന്നു. ആ വളർച്ച നിലവിലുള്ള മതവ്യവസ്ഥകളുടെ പാരമ്പര്യഭാരങ്ങളെ വകഞ്ഞുമാറ്റിക്കൊണ്ടാണ്, അനുദിന ജീവിതത്തിലൂടെയാണ്. ബഞ്ചിൽ ചടഞ്ഞുകൂടിക്കിടക്കുന്ന ഫ്രാൻസീസ് പുണ്യവാളൻ, പ്രാഞ്ചിയേട്ടന്റെ ദുഃഖങ്ങളും പരാതികളും നിശ്ശബ്ദനായി കേൾക്കുന്നു, സൗമ്യമായി പ്രതികരിക്കുന്നു. നിലവിലുള്ള അധികാരശ്രേണിയിൽ നിന്നു വിദഗ്ദ്ധമായി അസ്സീസി പ്പുണ്യവാളനെ പുറത്തുകൊണ്ടുവരുന്നത് മാധ്യമ തന്ത്രമാണ്. ജനപ്രിയ സംസ്കാരത്തിന്റെ മാതൃകയായ സിനിമയിലൂടെ അസ്സീസിപ്പുണ്യവാളൻ 21-ാം നൂറ്റാണ്ടിലെ കേരളസംസ്കാരത്തിൽ അവതരിക്കുന്നു. ആരാധനക്രമവിവാദത്തിലൂടെയും രാഷ്ട്രീയ പ്രചാരണസ്വഭാവമുള്ള ഇടയലേഖനങ്ങളിലൂടെയും സ്വാശ്രയകോളജ് പ്രശ്നത്തിലൂടെയും അലങ്കോലപ്പെട്ട കത്തോലിക്കമതമുഖത്തിനു ജനപ്രിയ സംസ്കാരവഴിയിലുണ്ടാകുന്ന ചെറിയൊരു മുഖത്തിളക്കമാണ് പ്രാഞ്ചിയേട്ടൻ. മതനിർണ്ണയനത്തിന്റെ സാംസ്കാരിക മണ്ഡലങ്ങൾ പരമ്പരാഗത മതത്തിന്റെ അകത്തളങ്ങളിലല്ല, ജീവിതത്തിന്റെ പുറമ്പോക്കുകളിലാണ് എന്നു ചൂണ്ടിക്കാണിക്കാനാണ് പ്രാഞ്ചിയേട്ടനെ കൂട്ടുപിടിച്ചത്.

മൂന്ന്: മതസ്വാതന്ത്ര്യത്തെക്കുറിച്ച് അഭിപ്രായരൂപീകരണവും അറിവുരൂപീകരണവും നടത്തുന്നവർ ജനപ്രിയ സംസ്കാരത്തിന്റെയും ജനകീയ സംസ്കാരത്തിന്റെയും വിശാലവഴികളിലേക്കു കൂടിനോക്കണം. കേരളത്തിലെ ഗ്രാമങ്ങളിലും നഗരങ്ങളിലും ദേവതകളുടെ അടുപ്പവും ഉടപ്പവും നാടോടി ആഖ്യാനങ്ങളായും നാട്ടാചാരങ്ങളായും നിലനിൽക്കുന്നു. ക്രിസ്മസും റംസാനുമെല്ലാം അയൽക്കൂട്ടങ്ങൾ പൊതു പൊരുന്നാളുകളായി പങ്കിട്ടനുഭവിക്കുന്നു. ഒപ്പനപ്പാട്ടും ക്രിസ്മസ് കരോൾ ഗാനങ്ങളും മതപരമായ വേലിക്കെട്ടുകളില്ലാതെ പങ്കിട്ടനുഭവിക്കുന്നതാണ് നാടോടി സംസ്കാരം. ഏറെക്കുറെ അവിചിന്നമായി നാടോടിസംസ്കാരത്തിൽ നിലനിൽക്കുന്ന മതാന്തരത - ആഖ്യാനങ്ങളിലും അനുദിന ജീവിത ചിട്ടകളിലും പ്രകടമാകുന്ന അന്യമത ബഹുമാനം കേരളസംസ്കാരത്തിന്റെ സവിശേഷതയാണ്. കേരളത്തിലെ ഭരണകർത്താക്കൾ ഫ്യൂഡൽ ഘട്ടത്തിലും കൊളോണിയൽ വാഴ്ചക്കാലത്തും ജനാധിപത്യക്കാലത്തും

ഇത്തരം മതാന്തരതയെ പ്രോത്സാഹിപ്പിച്ചിരുന്നു. ഈശ്വരവിശ്വാസികളല്ലാത്ത കമ്മ്യൂണിസ്റ്റുകാരും കേരളത്തിന്റെ മതാത്മകതയെ തള്ളിപ്പറഞ്ഞതായി അറിയില്ല. മതത്തിൽ വിശ്വസിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം കൂടി അടങ്ങുന്നതാണ് മതസ്വാതന്ത്ര്യം എന്നുകൂടി അവർ വാദിക്കും. യൂറോപ്പിൽ നവോത്ഥാനകാലത്തിന് ശേഷമുണ്ടായ തിരിച്ചറിവാണിത്. കേരളത്തിലാകട്ടെ ഇത് അവിചിന്നമായ സാംസ്കാരിക പാരമ്പര്യത്തിന്റെ ഭാഗമാണ്.

കോളണീകരണ കാലത്തെന്നപോലെ ആഗോളീകരണകാലത്തും മതം പലയിടത്തും പ്രശ്നവത്കരിക്കപ്പെടുന്നു. കേരളവും അതിൽനിന്നും വിമുക്തമല്ല. ഉദാരവത്കരണവും ആഗോളീകരണവും തുറന്നുവിട്ട മൂലധന ശക്തികൾ തദ്ദേശീയതയെയും ദേശീയതയെയും പലതരത്തിൽ സമ്മർദ്ദത്തിലാക്കുന്നുണ്ട്. അക്കൂട്ടത്തിൽ പരമ്പരാഗത കേരളീയ മതാന്തരതയും വെല്ലുവിളിക്കപ്പെടുന്നു. ചന്തയുടെ ബലതന്ത്രത്തിൽ മതങ്ങളെ പുനർവിന്യസിക്കാനുള്ള ശ്രമങ്ങൾ ഊർജ്ജിതമാണ്. അടിത്തട്ടിൽനിന്നു നോക്കുമ്പോൾ പ്രകടമായിക്കാണുന്നതു ഉപഭോഗതൃഷ്ണയുടെ വളർച്ചയാണ്. ചന്തപ്രമാണങ്ങൾ മതങ്ങളെ കീഴടക്കുന്നതാണ്. മിഷണറി സ്കൂളുകൾ ചെറിയവരിൽ ചെറിയവർക്കുപോലും മക്കളെ പഠിപ്പിക്കാൻ ഉപകരിക്കുന്ന വിദ്യാലയങ്ങളായിരുന്നു. ആഗോളവൽകരണകാലത്തു തുടക്കമിട്ട ക്രൈസ്തവവിദ്യാലയങ്ങൾ വമ്പിച്ച തുക ഫീസായും തലവരിപ്പണമായും അടയ്ക്കാൻ കഴിയുന്നവർക്കുമാത്രം ഉപയോഗപ്പെടുത്താവുന്നവയാണ്. ഇതു ചന്തപ്രമാണമാണ്. കേരളത്തിൽ കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ ഉണ്ടായ കത്തോലിക്കസ്കൂളുകളിൽ എത്രയെണ്ണം ദരിദ്രർക്ക്/സാധാരണക്കാർക്ക് പ്രയോജനപ്പെടുത്താൻ കഴിയും? അത്തരം വിദ്യാലയങ്ങൾ വിമർശിക്കപ്പെടുമ്പോൾ, സഭാസ്ഥാപനങ്ങൾ എന്ന നിലയിൽ അവയെ സംരക്ഷിക്കാൻ പടവാളുമായി ചില കത്തോലിക്ക മെത്രാന്മാരും പുരോഹിതരും പടയ്ക്കിറങ്ങുന്നു. ഈ ചിത്രം നൽകുന്ന സന്ദേശം എന്താണ്? മലയാളിക്ക് ഇതിനു വിശദീകരണം ആവശ്യമില്ല. മികച്ച സ്കൂൾ, മികച്ച കോളേജ്, മികച്ച ആശുപത്രി എന്നൊക്കെപ്പറഞ്ഞാൽ സമ്പന്നർക്കുമാത്രം ഉപയോഗിക്കാവുന്നവ എന്നർത്ഥം വന്നുകൂടുന്നതു നിർഭാഗ്യകരമാണ്. "പാവപ്പെട്ടവർ ഇവിടെ പഠിക്കണം, ചികിത്സിക്കണം എന്ന് ആരെങ്കിലും നിർബന്ധിക്കുന്നുണ്ടോ" എന്ന് ഉത്തരവാദപ്പെട്ടവർ ചോദിക്കുകകൂടി ചെയ്യുമ്പോൾ എതിർ സാക്ഷ്യം പൂർണ്ണമാകുന്നു. ഇതു വിചിത്രമായ ചന്തസാഹചര്യമാണ്. മതത്തിനുള്ളിൽ മതനിന്ദയുണ്ടാകുന്നു. ഇതാണ് മതസ്വാതന്ത്ര്യത്തിന്റെ ദുരുപയോഗം. ഇത്തരം സ്ഥാപനങ്ങൾ മതസ്വാതന്ത്ര്യത്തിന്റെ പേരിൽ പ്രത്യേക സംരക്ഷണങ്ങൾ നേടുമ്പോൾ രംഗം കൂടുതൽ വഷളാകുന്നു.

നാല്: ക്രിസ്ത്യാനിയായി ജീവിക്കാൻ ജീവൻ പണയപ്പെടുത്തേണ്ടിവരുന്ന ചുരുക്കം ചില മേഖലകൾ ഇന്ത്യയിലുണ്ട് എന്ന കാര്യം മറക്കുന്നില്ല. അവ അപവാദങ്ങളാണ്, പൊതു രീതിയല്ല. ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികളും ഭരണകൂടങ്ങളും നീതിന്യായ സംവിധാനങ്ങളും മതസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിൽ പ്രതിജ്ഞാബദ്ധരാണ്. അങ്ങിങ്ങു ചില്ലറ വ്യതിയാനങ്ങൾ ഉണ്ടാകുമ്പോൾ രാഷ്ട്രീയസമൂഹവും നീതിന്യായ സംവിധാനങ്ങളും മാധ്യമങ്ങളും മതസ്വാതന്ത്ര്യത്തിനുവേണ്ടി രംഗത്തിറങ്ങുന്നു. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ഇതിനു വേണ്ടുവോളം ഉദാഹരണങ്ങളുണ്ട്. ഇങ്ങനെയൊരു സാഹചര്യത്തിൽ മതസ്വാതന്ത്ര്യം ഹനിക്കപ്പെടുന്നു, ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുന്നു, കത്തോലിക്കർ വേട്ടയാടപ്പെടുന്നു എന്നെല്ലാം മുദ്രാവാക്യം മുഴക്കി കേരളത്തിലെ സാമൂഹികാന്തരീക്ഷം കലുഷമാക്കുന്നവർ സ്വന്തം നിഴൽ കണ്ട് ഭയപ്പെടുകയാണ്. ആത്മവിശകലനം കൊണ്ടും വീണ്ടുവിചാരംകൊണ്ടും ചികിത്സിച്ചു ഭേദപ്പെടുത്തേണ്ട ഉൽക്കണ്ഠാരോഗമാണിത്. അതു സമൂഹഹിസ്റ്റീരിയയായി പടർന്നുപിടിക്കാതിരിക്കാൻ കത്തോലിക്ക മതവിശ്വാസികളും പൗരസമൂഹവും ജാഗ്രത പാലിക്കണം. മേല്പറഞ്ഞതരം ഉൽക്കണ്ഠാരോഗം തീവ്രവാദമായി പെട്ടെന്നു രൂപാന്തരപ്പെടാം.

കേരളത്തിൽ ഇന്നത്തെ വൈജ്ഞാനിക സാഹചര്യത്തിൽ മതവിജ്ഞാനവും പൊതുവിജ്ഞാനവും തമ്മിൽ ഏറെ അകലമുണ്ട്. അവയെ ബന്ധിപ്പിക്കുന്ന പാലങ്ങൾ വിരളമാണ്. മതവിജ്ഞാനവും പൊതുവിജ്ഞാനവും ഏകോപിപ്പിച്ചാൽ വ്യക്തികളുടെയും സമൂഹത്തിന്റെയും വിവേചനാശീലം വളർത്താൻ കഴിഞ്ഞേക്കും. നാരായണ ഗുരുവിന്റെയും ചട്ടമ്പിസ്വാമികളുടെയും ഉദാഹരണങ്ങൾ ഓർമ്മിക്കുക. ഉദാരവത്കരണകാലത്തെ ആർത്തി നിയന്ത്രിച്ചു നിർത്താൻ ഇത്തരം വിജ്ഞാന പ്രവാഹങ്ങൾ കൂടിയേ തീരൂ. മാനവിക വിജ്ഞാനങ്ങളുടെയും സാമൂഹിക ശാസ്ത്രങ്ങളുടെയും സങ്കല്പനങ്ങളും രീതിശാസ്ത്രങ്ങളും പ്രയോജനപ്പെടുത്തി പൊതുജ്ഞാനമണ്ഡലത്തിൽ മതവിജ്ഞാനം (Religious studies) വികസിപ്പിക്കേണ്ടതിന്റെ ആവശ്യകതയാണ് ഇതു വെളിപ്പെടുത്തുന്നത്. മതവിജ്ഞാനം വേദപാഠശാലകളിലും സെമിനാരികളിലും മദ്രസകളിലും പഠിപ്പിക്കുന്നതുപോലെ തനിയാവർത്തനമായി പൊതുസർവ്വകലാശാലകളിൽ കൊണ്ടുവരേണ്ടതില്ല. അവയിൽനിന്നു ആശയാവലിയിലും സങ്കല്പനങ്ങളിലും രീതിശാസ്ത്രത്തിലും വ്യത്യസ്തമായിരിക്കണം പൊതുമണ്ഡലത്തിലെ മതവിജ്ഞാനം. സർവകലാശാലകളിലെ ഇതരവിഷയങ്ങളുമായി മതവിജ്ഞാനത്തെ

ഉദ്ഗ്രഥിക്കാൻ കഴിയണം. ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രശസ്ത കലാലയങ്ങളിൽ മതേതര തത്വങ്ങൾക്കു കോട്ടം വരുത്താതെതന്നെ മതവിജ്ഞാനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇക്കാര്യത്തിൽ പുതിയ ചുവടുവയ്പ്പുകൾ കേരളത്തിൽ ആവശ്യമുണ്ട്. മതസ്വാതന്ത്ര്യം നിലനിർത്താൻ ആർത്തിനിയന്ത്രണം ആവശ്യമാണ്. ഉപഭോഗസമൂഹത്തിൽ തെരഞ്ഞെടുപ്പുകൾ (choices) നിർണ്ണായകമാകുന്നു. ഇതിന് പൗരസമൂഹത്തെ ഒരുക്കാൻ ബഹു വിജ്ഞാനീയ സമീപനം തന്നെ വേണം. ഇത്തരം ബഹുവിജ്ഞാനീയതയിൽ സമൂഹചിട്ടയുടെ ഭാഗമായി ശക്തിപ്പെടേണ്ടതാണ് മതസ്വാതന്ത്ര്യം. രാഷ്ട്രീയം, വർഗ്ഗസമരം, ജാതിഭേദം തുടങ്ങിയവയുമായി കലർന്നൊഴുകുകയാണ് ദേശഗാത്രത്തിൽ മതസ്വാതന്ത്ര്യം. മതേതരത്വം, ജനാധിപത്യം എന്നിവയിൽനിന്നു വേർപിരിക്കാനാവില്ല സമകാലിക ഭാരതത്തിൽ മതസ്വാതന്ത്ര്യം. പ്രശ്നങ്ങൾ പരിഹരിച്ചും സംഘർഷങ്ങൾ ലഘൂകരിച്ചും ഉദ്ഗ്രഥനം ത്വരിതപ്പെടുത്തിയും സ്വത്വവൈവിധ്യങ്ങൾ പരിഗണിച്ചും ജനാധിപത്യ ഭാരതം മുന്നോട്ടുപോകുകയാണ്. പ്രശ്നവിമുക്തമല്ല ജീവിതം. ക്ലേശകരമായ ഈ പ്രയാണത്തിൽ മതസ്വാതന്ത്യത്തിനു പകരം വയ്ക്കാൻ മറ്റൊന്നും ഇന്ത്യയിൽ ആരും നിർദ്ദേശിക്കുന്നില്ല എന്നതു തന്നെ ആശ്വാസകരം. മതാധിഷ്ഠിത വിവേചനം തീർത്തും അസ്വീകാര്യമാണ് ഇന്ത്യൻ പൊതു സമൂഹത്തിന്. ഇതുകൊണ്ട് ഇന്ത്യയിൽ മതസ്വാതന്ത്ര്യം അഭംഗുരം നിലനിൽക്കും എന്നു തറപ്പിച്ചു പറയാൻ ആർക്കും സാധിക്കില്ല. മനുഷ്യപ്രയത്നമാണ് മതസ്വാതന്ത്ര്യത്തിന്റെ ഭാവി നിശ്ചയിക്കുക. സമൂഹചിട്ടയുടെ ഭാഗമായി മതസ്വാതന്ത്ര്യത്തെ വളർത്തിയെടുക്കുന്നതാണ് പ്രധാനം. സമൂഹപ്രക്രിയയിലേക്കു സർവ്വാത്മനാ ഉദ്ഗ്രഥിക്കപ്പെടണം മതസ്വാതന്ത്ര്യം. അതിനു വിഘാതമാകുന്ന സാമൂഹിക ഇടപെടലുകളിൽനിന്നു എല്ലാവരും ബോധപൂർവ്വം വിട്ടുനിൽക്കണം.

പെരുന്ന
ചങ്ങനാശ്ശേരി